# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ മാതൃക ചോദ്യങ്ങൾ

**02/10/2022** **മാർക്ക് - 50**

## Std 1

**A. ഒറ്റ വാക്കിൽ ഉത്തരം പറയുക** **(1 x 10 = 10)**

1. മനോഹരമായ പ്രപഞ്ചം സൃഷ്ടിച്ചതാര്?
ഉ: ദൈവം (1/9)
2. എല്ലാം സൃഷ്ടിച്ച ദൈവത്തോട് നാം എന്തു പറയണം?
ഉ: നന്ദി പറയണം (1/11)
3. ആകാശവും ഭൂമിയും സൃഷ്ടിച്ചതാരാണ്?
ഉ: ദൈവം (2/14)
4. ദൈവം എല്ലാറ്റിനേയും എപ്രകാരമാണ് സൃഷ്ടിച്ചത്?
ഉ: ഇല്ലായ്മയിൽ നിന്ന് (2/14)
5. സർവ്വശക്തനായ ദൈവത്തെ നാമെപ്പോഴും എന്തു ചെയ്യണം?
ഉ: സ്തുതിക്കണം (2/15)
6. സർവ്വജീവജാലങ്ങളെയും സൃഷ്ടിച്ചതാരാണ്?
ഉ: ദൈവം (2/15)
7. ആദിയിൽ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചതാര്?
ഉ: ദൈവം (3/17)
8. ആദ്യത്തെ പുരുഷൻ ആര്?
ഉ: ആദം (3/17)
9. ആദ്യത്തെ സ്ത്രീ ആര്?
ഉ: ഹവ്വാ (3/17)
10. ജീവൻ നൽകുന്നതാര്?
ഉ: ദൈവം (3/18)
11. ജീവന്റെ നാഥനാര്?
ഉ: ദൈവം (3/18)
12. ദൈവം എല്ലാം ആർക്കുവേണ്ടിയാണ് സൃഷ്ടിച്ചത്?
ഉ: നമുക്കുവേണ്ടി (4/21)
13. അപ്പനേക്കാളും അമ്മയേക്കാളും അധികമായി നമ്മെ സ്നേഹിക്കുന്നതാര്?
ഉ: ദൈവം (4/23)
14. നമ്മുടെ അപ്പനേയും അമ്മയേയും നമുക്കായി നൽകിയതാര്?
ഉ: ദൈവം (4/23)
15. എല്ലാ സൃഷ്ടവസ്തുക്കളേയും കാത്തുപരിപാലിക്കുന്നതാര്?
ഉ: ദൈവം (5/25)
16. പക്ഷികളെയും മൃഗങ്ങളെയും തീറ്റിപ്പോറ്റുന്നതാര്?
ഉ: ദൈവം (5/26)
17. എല്ലാവരുടെയും പിതാവാര്?
ഉ: ദൈവം (5/27)
18. ദൈവം നമ്മെ സംരക്ഷിക്കുന്നതെവിടെ?
ഉ: ദൈവത്തിന്റെ കരങ്ങളിൽ (5/27)
19. നമ്മെ സംരക്ഷിക്കാനായി ദൈവം നമുക്ക് നൽകിയിരിക്കുന്നതാരെ?
ഉ: കാവൽ മാലാഖയെ (5/27)

20. ഈശോ ജനിച്ചത് എവിടെയാണ്?
ഉ: ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ (7/33)
21. മനുഷ്യനായി ജനിച്ച ദൈവപുത്രൻ ആരാണ്?
ഉ: ഈശോ (7/34)
22. ആരാണ് ഇടയന്മാരെ സന്തോഷവാർത്ത അറിയിച്ചത്?
ഉ: മാലാഖാമാർ (7/33)
23. ഈശോയുടെ പിറന്നാളിനെ വിളിക്കുന്ന പേര് ?
ഉ: ക്രിസ്തുമസ് (7/35)
24. ഈശോയുടെ അമ്മയുടെ പേര്?
ഉ: മറിയം (7/35)
25. ഈശോയുടെ വളർത്തുപിതാവ് ആരാണ്?
ഉ: വി. യൗസേപ്പ് (7/35)
26. മറിയത്തെ മംഗളവാർത്ത അറിയിച്ചത് ആര്?
ഉ: ഗബ്രിയേൽ മാലാഖ (8/37)
27. ഈശോയുടെ അമ്മയെ നാം എന്താണ് വിളിക്കുന്നത്?
ഉ: മാതാവ് (8/39)
28. പുത്രന് എന്ത് പേരിടണമെന്നാണ് മാലാഖ മറിയത്തോടു പറഞ്ഞത്?
ഉ: ഈശോ (8/38)
29. നമ്മുടെ ആവശ്യങ്ങളിൽ സഹായിക്കുന്ന സ്വർഗ്ഗീയ അമ്മ ആരാണ്?
ഉ: പരിശുദ്ധ മറിയം (8/40)

## B. ചുരുങ്ങിയ വാക്കുകളിൽ ഉത്തരം പറയുക (3 x 5 = 15)

1. സങ്കീർത്തനം 107:1 പറയുക.
ഉ: "കർത്താവിനു നന്ദിപറയുവിൻ അവിടുന്ന് നല്ലവനാണ്."(സങ്കീർത്തനം 107: 1) (1/12)
2. ഉൽപത്തി 1:1 പറയുക
ഉ: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി 1:1). (2/16)
2. ദൈവം എന്തൊക്കെയാണ് സൃഷ്ടിച്ചത്? (2/13)
ഉ: വിശാലമായ ആകാശം, വെളിച്ചം തരുന്ന സൂര്യൻ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ, ....... (2/13)
3. ദൈവം എങ്ങനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്?
ഉ: ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (3/18)
4. (ഏശയ്യ 49:15) പറയുക
ഉ: "പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല". (ഏശയ്യ 4/24)
5. എപ്പോഴൊക്കെ നമുക്ക് ദൈവത്തെ സ്തുതിക്കാം?
ഉ: എല്ലാ ദിവസവും, ഉണരുമ്പോഴും, സന്ധ്യാനേരത്തും, ഉറങ്ങാൻ പോകുമ്പോഴും, എല്ലാ നന്മകൾക്കായും എപ്പോഴും നമുക്ക് ദൈവത്തെ സ്തുതിക്കാം. (6/30)
6. സങ്കീർത്തനം 135:3 പറയുക.
ഉ: "കർത്താവിനെ സ്തുതിക്കുവിൻ, അവിടുന്ന് നല്ലവനാണ്". (സങ്കീർത്തനം 135:3) (6/32)
7. (സങ്കീർത്തനം 100:3) പറയുക
ഉ: "അവിടുന്നാണ് നമ്മെ സൃഷ്ടിച്ചത്; നമ്മൾ അവിടുത്തേതാണ്." (സങ്കീത്തനം 100:3) (3/20)
8. മനുഷ്യർ എങ്ങനെയെല്ലാമാണ് ദൈവത്തെ സ്തുതിക്കുന്നത്?
ഉ: പ്രാർത്ഥനയിലുടെയും ഗീതങ്ങളിലൂടെയും. (6/29)
9. മാലാഖമാർ ഏതുഗാനം പാടിയാണ് ദൈവത്തെ സ്തുതിക്കുന്നത്?
ഉ: "ഹല്ലേല്ലൂയ്യാ""ഹല്ലേല്ലൂയ്യാ" (6/30)
10. ദൈവം നൽകിയ അനുഗ്രഹങ്ങൾ പറയുക.
ഉ: പഠിക്കാൻ ബുദ്ധി നൽകിയിരിക്കുന്നു, ......... (6/31)

**C. നമസ്കാരങ്ങൾ ഏതെങ്കിലും ഒരെണ്ണം പറയുക.** **(1 x 5 = 5)**

1. വലിയ കുരിശടയാളം വരയ്ക്കുക.
2. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുക.
3. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലുക.
4. സാധാരണ ത്രിസന്ധ്യാജപം ചൊല്ലുക.

**D. പാഠപുസ്തകത്തിലെ ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പാട്ട് പാടുക.** **(1 x 5 = 5)**

**E. ഇന്റേണൽ അസസ്സ്മെന്റ്** **Marks: 15**

| |
|---|
| മാതാപിതാക്കൾ 5 മാർക്കിൽ, അധ്യാപകർ 10 മാർക്കിൽ |